**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: ***462.** 18.11.2019 ൽ മറുപടിക്ക്

## കെ-ഫോൺ പദ്ധതി

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.ടി.ജെ. വിനോദ്**<br>**,, അൻവർ സാദത്ത്**<br>**,, തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, വി.എസ്.ശിവകുമാർ :** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനായി കമ്പനികളെ തെരഞ്ഞെടുക്കാൻ വിവര സാങ്കേതിക വകുപ്പ് ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്ത് കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനായി ഇ-ടെൻഡർ പോർട്ടൽ വഴി ടെൻഡർ നടപടികൾ പൂർത്തിയാക്കി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യത്തിനെ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്റർ (System Integrator) ആയി തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ടെൻഡർ നടപടികളിൽ ഏതൊക്കെ കമ്പനികളാണ് പങ്കെടുത്തത്; ഇതിൽ ഓരോ കമ്പനിയും ക്വാട്ട് ചെയ്ത തുക അറിയിക്കാമോ; | (ബി) | കെ-ഫോൺ പദ്ധതിയുടെ ടെൻഡറിന്റെ അവസാന ഘട്ടത്തിൽ മൂന്ന് കമ്പനികളാണ് പങ്കെടുത്തത്. ഓരോ കമ്പനിയും ക്വാട്ട് ചെയ്ത തുക ചുവടെ ചേർക്കുന്നു. |

| **ക്രമ നം** | **കമ്പനിയുടെ പേര്** | **ക്വാട്ട് ചെയ്ത തുക (കോടി രൂപയിൽ) (നികുതികൾ പുറമെ)** |
|---|---|---|
| 1 | M/s. ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്. | 1548.68 |
| 2 | M/s.ടെലികമ്മ്യൂണിക്കേഷൻസ് കൺസൾട്ടന്റ്സ് ഇന്ത്യ ലിമിറ്റഡ്. | 1729.99 |
| 3 | M/s. A2Z ഇൻഫ്രാ എഞ്ചിനീയറിംഗ് ലിമിറ്റഡ്. | 2853.54 |

| | | | |
|---|---|---|---|
| (സി) | കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനായി കമ്പനികളെ തെരഞ്ഞെടുക്കുമ്പോൾ റിവേഴ്സ് ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ; | (സി) | കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനായി കമ്പനികളെ തെരഞ്ഞെടുത്തപ്പോൾ റിവേഴ്സ് ടെൻഡർ നടപടി സ്വീകരിച്ചിട്ടില്ല. രണ്ടു ഘട്ടമായിട്ടാണ് ടെൻഡർ നടപടികൾ സ്വീകരിച്ചത്. ആദ്യഘട്ടത്തിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കി മുൻപരിചയമുള്ള കമ്പനികളെ പ്രീക്വാളിഫൈ ചെയ്തു. രണ്ടാം ഘട്ടത്തിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് ഇ-ടെൻഡർ പോർട്ടൽ വഴി ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ കമ്പനിയെ തെരഞ്ഞെടുത്തു. ഇത്തരത്തിൽ ഭാരത സർക്കാരിന്റെ നവരത്ന കമ്പനിയായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് നേതൃത്വം നൽകുന്ന കൺസോർഷ്യത്തിനെയാണ് പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്റർ (System Integrator) ആയി തെരഞ്ഞെടുത്തിട്ടുള്ളത്. വിവിധ ഘടകങ്ങൾ ഉള്ളതും കൺസോർഷ്യം മുഖേന നടപ്പാക്കുന്നതുമായ കെ-ഫോൺ പോലെയുള്ള സമഗ്ര പദ്ധതികൾക്ക് റിവേഴ്സ് ടെൻഡർ നടപടികൾ പ്രായോഗികമല്ല. |
| (ഡി) | കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി ഏതെങ്കിലും കമ്പനിയെ തെരഞ്ഞെടുക്കുകയും അവരുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ടോ യെന്ന് അറിയിക്കുമോ? | (ഡി) | ഉണ്ട്. കെ-ഫോൺ പദ്ധതി നടപ്പാക്കുന്നതിനായുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കി, സിസ്റ്റം ഇന്റഗ്രേറ്റർ (System Integrator) ആയി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിനെ തെരഞ്ഞെടുത്തിട്ടുണ്ട്. ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, റെയിൽടെൽ, എൽ.എസ്.കേബിൾ, |

| | | | |
|---|---|---|---|
| | | | എസ്.ആർ.ഐ.റ്റി (Sobha Renaissance Information Technology Private Limited) എന്നീ കമ്പനികളാണ് പ്രസ്തുത കൺസോർഷ്യത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. രണ്ട് വർഷത്തെ നിർമ്മാണ പ്രവർത്തനം, 7 വർഷത്തെ പ്രവർത്തന-പരിപാലനം എന്നിവ ഉൾപ്പെടെ ആകെ 9 വർഷത്തേക്ക് 1531.68 കോടി രൂപയ്ക്കാണ് (നികുതികൾ പുറമെ) ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ